## Somewhere else – Ravi Prasad

Presse de la Tournée en Inde mai-juin 2012 - Press of the Tour in India May-June 2012

**Somewhere else. The Hindu. 31-05-12**

# Thrissur to host fusion music programme

Special Correspondent

**THRISSUR:** A fusion music programme featuring French and Indian musicians will be held at the K. T. Mohammed Memorial Regional theatre here on June 2 by the Kerala Sangeetha Nataka Akademi, Foundation Coupleux-Lassalle, Cumulus (Paris) and the Thrissur Art Culture Heritage Foundation.

Ravi Prasad, an Indian-born France-based musician, has conceived and directed the programme.

It will feature A. Ananthapadmanabhan (veena), Thrissur C. Rajendran (violin), Thrissur C. Narendran (mridangam), Marc-Olivier de Nattes, Stephane Henoch (violin), Christine Jaboulay (viola) and Jerome Lefranc (cello).

The programme will begin with Mr. Prasad, a disciple of K. V. Narayanaswamy, rendering the Mysore Vasudevachar composition, 'Ninne Nammiti' (Simhendra Madhyamam).

The orchestra will present sections of Mr. Prasad's composition, 'Nilgris'; and a symphony, 'Mythia'. It will also play compositions of Philip Glass (string quartet number 5, parts I and III), Magnus Lindberg ('Stroke'), Joseph Haydn (string quartet number 12), Osvaldo Golijov ('Yiddishbbuk'), Johann Sebastian Bach (Partita number in B minor) and Vincent Courtois (Le debut du vide). There will be a jam session too.

"It has been my long-cherished desire to bring a string quartet from France to Kerala, my homeland," said Mr. Prasad.

He has worked with internationally-renowned musicians such as Pedro Soler, Talvin Singh, Carlo Rizzo, Adel Shams El Din, Paul Mindy and Kiko Ruiz.



*Ravi Prasad.* —FILE PHOTO

**Somewhere else. Matrubhumi. 26-5-2012 (1)**



# രവി പ്രസാദ് നമ്മുടെ പാട്ടിന് ഒരു ഫ്രഞ്ച് കണക്ഷൻ

**കെ.വി.** നാരായണസ്വാമിയുടെ പ്രിയശിഷ്യൻ. കർണ്ണാടക സംഗീതജ്ഞനായോ പിന്നണിഗായകനായോ പ്രശസ്തനാകാൻ സാധ്യത ധാരാളമുണ്ടായിരുന്നു. പക്ഷെ അതിർവരമ്പുകളില്ലാത്ത സംഗീതത്തിന്റെ വ്യത്യസ്തത അനുഭവിക്കാനായിരുന്നു രവി പ്രസാദിന്റെ തീരുമാനം. 120 കലാകാരൻമാർ ഒരുമിച്ച ആദ്യ ഇന്ത്യൻ സിംഫണി 'മിഥ്യ' യും, വിദേശ കലാകാരൻമാരുമായി ചേർന്നൊരുക്കിയ പത്ത് സംഗീത ആൽബങ്ങളും ഏറെനാളത്തെ ഫ്രാൻസ് വാസത്തിനുശേഷം കേരളത്തിൽ തിരിച്ചെത്തുമ്പോൾ രവി പ്രസാദിന്റെ പേരിലുണ്ട്. യൂറോപ്പിൽ മാത്രം വർഷത്തിൽ അറുപത് വേദികളാണീ കലാകാരൻ പിന്നിടുന്നത്. മലയാളിക്കിനിയും പരിചിതമല്ലാത്ത ലോകസംഗീതത്തെ പരിചയപ്പെടുത്താനും കലാകാരൻമാർക്ക് മികച്ച സൃഷ്ടികളുണ്ടാക്കാൻ അവസരമൊരുക്കാനുമാണ് രവി പ്രസാദ് ഇരുപത്തേഴു വർഷങ്ങൾക്കു ശേഷം ഇവിടെയെത്തിയത്.

ജൂൺ രണ്ടിന് തൃശ്ശൂർ റീജണൽ തീയേറ്ററിൽ ഫിലിപ്പ് ഗ്ലാസ്സ്, മാഗ്നസ് ലിൻഡ്ബെർഗ് തുടങ്ങിയ വിദേശ കലാകാരൻമാർക്കൊപ്പം രവി പ്രസാദ് ഒരുക്കുന്ന 'സംവേർ എൽസ്' എന്ന സംഗീതപരിപാടി ഇതിനൊരു തുടക്കമാകും. ഇന്ത്യൻ-പാശ്ചാത്യ സംഗീതങ്ങളുടെ വ്യത്യസ്തമായ ഈ കൂടിച്ചേരലിൽ എ. അനന്തപദ്മനാഭൻ, തൃശ്ശൂർ സി. രാജേന്ദ്രൻ, തൃശ്ശൂർ സി. നരേന്ദ്രൻ തുടങ്ങിയവർക്കൊപ്പം മാർക്ക ഒളിവർ ഡി നാറ്റേ, സ്റ്റീഫൻ ഹെനോക്ക, ക്രിസ്റ്റൈൻ ജാബോലെ തുടങ്ങിയ വിദേശ കലാകാരൻമാരും ഫ്യൂഷൻ സംഗീതത്തിന്റെ മാസ്മരികലോകത്തേക്ക കേൾവിക്കാരെ കൊണ്ടുപോകാനുണ്ടാകും. പുതിയ സംരംഭത്തെക്കുറിച്ചും സംഗീതരംഗത്തെ അപൂർവ്വ അനുഭവങ്ങളെക്കുറിച്ചും രവി പ്രസാദ് 'നഗര'ത്തോട് സംസാരിച്ചു.

ബേപ്പൂര് കോവിലകത്തെ രവിവർമ രാജയുടെ മകനാണ് രവി പ്രസാദ്. കുട്ടിക്കാലം കോഴിക്കോടായിരുന്നു. ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ബി.എസ്‌സി. കെമിസ്ട്രി കഴിഞ്ഞ് സെൻട്രൽ കർണാട്ടിക് കോളേജ് ഓഫ് മദ്രാസിൽ സംഗീതപഠനം. ഗുരുവായി പദ്മശ്രീ കെ.വി. നാരായണസ്വാമി. തന്റെ ശിഷ്യനായി പോന്നോളൂ എന്ന് ഗുരു രവിയോട് പറഞ്ഞു. 1979 മുതൽ 84 വരെ അദ്ദേഹത്തിനു കീഴിൽ കർണ്ണാടക സംഗീതം ചിട്ടയായി പഠിച്ചു. വി.വി. സുബ്രഹ്മണ്യം, ഉമയാൾപുരം, പാലക്കാട് രഘു എന്നിവർക്കൊപ്പം കേരളത്തിലും മദ്രാസിലും ചില കച്ചേരികളിൽ പാടി.

പാശ്ചാത്യ സംഗീതത്തിലും താൽപര്യമുണ്ടായിരുന്നതുകൊണ്ട് കർണ്ണാട്ടിക് കോളേജിലെ പഠനത്തോടൊപ്പം ട്രിനിറ്റി കോളേജ് ഓഫ് ലണ്ടനിൽ നിന്ന് വെസ്റ്റേൺ മ്യൂസിക് അറേഞ്ച്മെന്റിൽ ഡിപ്ലോമയും നേടിയിരുന്നു. സംഗീതത്തിൽ രണ്ടു മാസത്തെ വർക്ക്ഷോപ്പിനായി ഫ്രാൻസിലേക്ക് അവസരമൊത്തുവന്നത് 85ൽ. കേട്ടറിഞ്ഞതിലും വിശാലമായ പുതിയ സംഗീതലോകത്ത് ചെന്നെത്തുന്നത് അങ്ങനെ. ധാരാളം വിദേശ സംഗീതജ്ഞരുമായി ഇടപെടാൻ അവസരമുണ്ടായത് പുതിയ സംഗീതത്തെക്കുറിച്ച് ചിന്തിക്കാൻ വഴിയൊരുക്കി. ഇന്ത്യയിൽ നിന്നു പഠിച്ച തത്ത്വശാസ്ത്രങ്ങളും വിദേശാനുഭവങ്ങളും അതിനു പ്രേരണയായി. ഇന്ത്യനെന്നോ ഫ്രഞ്ചെന്നോ വ്യത്യാസമില്ലാത്ത, നിയന്ത്രണങ്ങൾക്കപ്പുറമുള്ളൊരു സംഗീതത്തിന്റെ സൃഷ്ടിയെക്കുറിച്ചായി ചിന്ത മുഴുവൻ.

ഫ്ലാമെൻകോ ഗായകരുമായി ചേർന്ന് ഇന്ത്യൻ സംഗീതവും കലർത്തി ആദ്യത്തെ ആൽബം. എല്ലാ സംഗീതോപകരണങ്ങളും ഒറ്റയ്ക്ക് കൈകാര്യം ചെയ്ത് ദേവി, പൂജ എന്നീ പേരുകളിൽ രണ്ട് മൾട്ടിട്രാക്ക് ആൽബങ്ങളാണ് പിന്നെ ഒരുക്കിയത്.

യുനെസ്കോയുടെ അമ്പതാം വാർഷികത്തിന് 'മിഥ്യ' എന്ന ടൈറ്റിലിൽ അവതരിപ്പിച്ച അപൂർവ്വമായ ഒരു സിംഫണിയായിരുന്നു അടുത്ത കോംപസിഷൻ. ഒരേസമയം 120 കലാകാരൻമാരാണ് വിവിധ സംഗീതോപകരണങ്ങൾ വായിച്ച സിംഫണിയിൽ വേദിയിലുണ്ടായിരുന്നത്. ഇൻബിറ്റ്വീൻ, ഇന്ത്യൻ ജിപ്സി തുടങ്ങി ഏറ്റവും ഒടുവിൽ നീൽഗിരീസ്

**Somewhere else. Matrubhumi. 26-5-2012** (2)





രവി പ്രസാദ്

വരെ പത്ത് ആൽബങ്ങൾ പുറത്തിറങ്ങി.

കലാകാരൻമാർ കണ്ടുമുട്ടുന്നതും ആശയങ്ങൾ പങ്കുവയ്ക്കുന്നതും പുതിയ സൃഷ്ടികൾക്കു വഴിയൊരുക്കുമെന്ന തൻെറ അനുഭവം കേരളത്തിലെ കലാകാരൻമാർക്കും പ്രയോജനപ്പെടുത്താനാണ് രവി പ്രസാദിൻെറ അടുത്ത ശ്രമം. ഇതിനായി ശാന്തമായ അന്തരീക്ഷമൊരുക്കി അവരിലെ ശുദ്ധസംഗീതത്തെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് വേണ്ടതെന്ന് രവി പറയുന്നു.

'വയലാർ-ദേവരാജൻ-യേശുദാസ് കോമ്പിനേഷൻ പോലെ, ശാസ്ത്രീയസംഗീതത്തിൽ എം.ഡി. രാമനാഥനെപ്പോലെ, ആത്മാവിൽ നിന്നു വരുന്ന, ഭക്തിയുടെ അംശമുള്ള സംഗീതം ഇന്ന് മറവിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. തന്നെ ആക്രമിക്കാൻ വന്ന കൊള്ളക്കാരെ സംഗീതത്തിൻെറ ഭാഷയിലൂടെ ശിഷ്യരാക്കിയ ത്യാഗരാജസ്വാമികളുടെ സംഗീതം സത്യസന്ധവും നൈസർഗികവുമായിരുന്നു. വയലാർ പോയതോടെ തൻെറ സംഗീതത്തിൻെറ ഒരു ഭാഗം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ദേവരാജൻ മാഷ് ഒരിക്കൽ എന്നോട് പറഞ്ഞു. ആത്മസംതൃപ്തിക്കു വേണ്ടിയല്ല, വിജയത്തിനും പണത്തിനും വേണ്ടിയാണ് ഇന്നിൻെറ സംഗീതം. അതല്ല നമുക്കു വേണ്ടത്. നല്ല കലാകാരൻമാർക്ക് നൈസർഗിക സംഗീതസൃഷ്ടിയ്ക്കു വേണ്ട സാഹചര്യമൊരുക്കിക്കൊടുക്കണം. നല്ല സൃഷ്ടികളിലൂടെ നല്ല സമൂഹമുണ്ടാകും. സംവേർ എൽസ് എന്ന പരിപാടി ആ ഉദ്യമത്തിൻെറ തുടക്കമാണ്. പരിപാടിയുടെ എല്ലാ ചുമതലയും പാരീസിലെ ഫൗണ്ടേഷൻ കപ്ലെക്സ് ലസ്സാലെ എന്ന കമ്പനിക്കാണ്. കലയെ സ്നേഹിക്കുന്ന ധാരാളം പേരുണ്ടിതിൽ. അത്തരം കമ്പനികൾ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കാൻ കേരളത്തിലും വേണം- രവി പ്രസാദ് പറഞ്ഞു. ഭാര്യ മേരി ഫ്രാങ്കിസിനൊപ്പം സൗത്ത് ഫ്രാൻസിലെ ടുളോസിലാണ് രവി പ്രസാദ് താമസിക്കുന്നത്.

■ വി.എൻ. രാഖി

**Somewhere else. Malayala Manorama. 31-05-2012**

# ഫ്രഞ്ച്, ഇന്ത്യൻ.. യൂറോപ്യൻ പാട്ട്




തൃശൂർ ● യൂറോപ്പിലെയും അമേരിക്കയിലെയും ഇന്ത്യയിലെയും സംഗീതജ്ഞർ സംഗീത അവതരണത്തിനായി തൃശൂരിൽ ഒത്തുകൂടുന്നു. സംഗീത നാടക അക്കാദമിയും ടാക് ഫൗണ്ടേഷനും ഫ്രാൻസിലെ ഫൗണ്ടേഷൻ കൂപ്‌ലെ ലസാലെയും കുമുലസ് പാരീസും ചേർന്നു നടത്തുന്ന സംഗീതാവതരണവും ഫ്യൂഷൻ ശിൽപശാലയും ശനി, ഞായർ ദിവസങ്ങളിൽ കെ.ടി. മുഹമ്മദ് സ്മാരക തിയറ്ററിൽ അരങ്ങേറും.

ശനിയാഴ്ച വൈകിട്ട് 5.30ന് സമ്മേളനം മേയർ ഐ.പി. പോൾ ഉദ്ഘാടനം ചെയ്യും. ശേഷം ഇന്ത്യയിലെ സംഗീതജ്ഞരുമായി ചേർന്ന് ഫ്രഞ്ച്– യൂറോപ്യൻ സംഗീതജ്ഞരുടെ സംഗീതവിരുന്നു നടക്കും. ഞായറാഴ്ച രാവിലെ 10.30ന് ഫ്യൂഷൻ സംഗീതത്തെക്കുറിച്ചുള്ള ഏകദിന ശിൽപശാല ആരംഭിക്കും.

തുടർന്ന് 'ഏതോ ഒരിടത്ത്' സംഗീത പരിപാടി നടക്കും. ഫ്രഞ്ച് ദേശീയ ഓർക്കസ്ട്ര വാദകരായ മാക്ക് ഒളിവിയ ഡിനാട്ടെ (വയലിൻ), സ്റ്റെഫാനി ഹെനോ (വയലിൻ), ക്രിസ്റ്റീൻ ജബുലായ് (വയോള), ജെറോം ലി ഫ്രാങ്ക് (ചെല്ലോ) എന്നിവരോടൊപ്പം ഫ്രാൻസിൽ സംഗീതജ്ഞനായ രവിപ്രസാദ്, അനന്തപത്മനാഭൻ (വീണ), തൃശൂർ സി. രാജേന്ദ്രൻ (വയലിൻ), തൃശൂർ സി. നരേന്ദ്രൻ (മൃദംഗം) എന്നിവരും പരിപാടിയിൽ പങ്കുചേരും.

കർണാടിക് സംഗീതാലാപനം, രവിപ്രസാദ് സംഗീത കൽപന നടത്തിയ നീലഗിരി, സംഗീത ശിൽപമായ സിംഫണി മൈതിയ, വിശ്രുത സംഗീതജ്ഞരായ ഫിലിപ്പ് ഗ്ലാസ്, മഗ്നസ് ലിൻസ്ബർഗ്, ജോസഫ് ഹെയ്ഡ്‌വ്, ജൊഹാൻ സെബാസ്റ്റ്യൻ ബാക്ക് തുടങ്ങിയവരുടെ പ്രശസ്തമായ രചനകളും സംഘം വേദിയിൽ അവതരിപ്പിക്കും.

വെസ്റ്റേൺ, ക്ലാസിക്കൽ, കണ്ടംപററി സംഗീതത്തിനു പുറമെ കർണാടിക് സംഗീതവും അവതരിപ്പിക്കുന്നുണ്ട്. ഫ്രാൻസിലെ പ്രശസ്ത സംഗീതകേന്ദ്രമായ കുമുലസ് പാരീസിന്റെ ആർട്ടിസ്റ്റിക് ഡയറക്ടർ സാൻ മിഷേൽ ലജോനിന്റെ നേതൃത്വത്തിലാണു സംഗീതപരിപാടിയും ശിൽപശാലയും.

ഞായറാഴ്ച രാവിലെ 10. 30ന് ഫ്യൂഷൻ ശിൽപശാലയിൽ യൂറോപ്യൻ സംഘത്തിനു പുറമെ തൃശൂർ ബി. ജയറാം, ആനന്ദ് കൗശിക് എന്നിവരും ക്ലാസുകളെടുക്കും. വൈകിട്ട് നാലിന് വയലിൻ വാദന രംഗത്തെ പ്രതിഭയായ എസ്. ഹരികുമാറിന്റെ നേതൃത്വത്തിൽ ഫ്യൂഷൻ സംഗീതം അരങ്ങേറും. തൃശൂർ ബി. ജയറാം, പ്രകാശ് ഉള്ളേ്യരി, ഷോമി എന്നിവർ പങ്കെടുക്കും.

**Somewhere else. Matrubhumi. 31-05-2012**

# ഇന്ത്യൻ സംഗീതജ്ഞർ യൂറോപ്പിനെ കണ്ടെത്തുന്നു

## 'ഏതോ ഒരിടത്ത്' സംഗീത പരിപാടി ശനിയാഴ്ച വൈകീട്ട് 5.30 ന് റീജണൽ തീയേറ്ററിൽ

കർണാടക സംഗീതത്തിന് യൂറോപ്പിൽ എന്താണു കാര്യം? അതിന്റെ ഉത്തരമാണ് രവി പ്രസാദ്. 28 വർഷം മുമ്പ് ഒരു തംബുരുവുമായി ഫ്രാൻസിൽ എത്തിയ ഈ ഗായകൻ ശനിയാഴ്ച വൈകീട്ട് 5.30 ന് റീജണൽ തിയേറ്ററിൽ 'ഏതോ ഒരിടത്ത്' എന്ന സംഗീത പരിപാടി അവതരിപ്പിക്കുമ്പോൾ യൂറോപ്യൻ സംഗീതജ്ഞർ കർണാടക സംഗീതത്തെ എത്ര അമൂല്യമായാണ് കണക്കാക്കുന്നതെന്ന് ബോധ്യമാകും. കർണാടിക് സംഗീതജ്ഞരായ രവി പ്രസാദ്, അനന്തപത്മനാഭൻ, തൃശ്ശൂർ സി. രാജേന്ദ്രൻ, തൃശ്ശൂർ സി. നരേന്ദ്രൻ എന്നിവർ ഫ്രഞ്ച് ദേശീയ സംഗീത രംഗത്തെ വാദകരായ മാർക്ക് ഒളിവിയർ ദു നാട്ടെ, സ്റ്റെഫാനി ഹെനോ, ക്രിസ്റ്റീൻ ജബുലായ്, ജെറോം ലി ഫ്രാങ്ക് എന്നിവരുമായി ചേർന്നാണ് സമന്വയത്തിന്റെ സംഗീതം സൃഷ്ടിക്കുന്നത്. ആദ്യം കർണാടക സംഗീതക്കച്ചേരി നടത്തിയശേഷം ഇന്ത്യൻ സംഗീതജ്ഞർ പ്രത്യേകം കമ്പോസ് ചെയ്ത സംഗീതരൂപങ്ങൾ അവതരിപ്പിക്കും. സമകാലിക യൂറോപ്യൻ സംഗീതവും ഫ്യൂഷനും ക്ലാസിക്കൽ യൂറോപ്യൻ സംഗീതവും സംഘം അവതരിപ്പിക്കുന്നുണ്ട്.

കർണാടക സംഗീതരംഗത്തെ കുലപതികളിലൊരാളായ കെ.വി. നാരായണസ്വാമിയുടെ ശിഷ്യനായ രവി പ്രസാദ്, ഇന്ത്യൻ സംഗീതത്തിനും പാശ്ചാത്യ സംഗീതത്തിനും യോജിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിൽ നിരന്തരം അന്വേഷണം നടത്തുന്ന സംഗീതജ്ഞനാണ്. ഓരോ സംഗീതശാഖയുടെയും വ്യക്തിത്വവും നൈസർഗികതയും നിലനിർത്തിക്കൊണ്ടുതന്നെ, പുതുമേഖലകൾ കണ്ടെത്താൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ അന്വേഷണമാണ് 'ഏതോ ഒരിടത്ത്' എന്ന സംഗീത പരിപാടി.

കേരള സംഗീത നാടക അക്കാദമിയും ടാക് ഫൗണ്ടേഷനും ഫ്രാൻസിലെ ഫൗണ്ടേഷൻ കൂപ്പെ ലസാലയും കുമുലസ് പാരീസും ചേർന്നാണ് ഇത് സംഘടിപ്പിച്ചിരിക്കുന്നത്. ജൂൺ രണ്ടിന് വൈകീട്ട് 5.30 ന് നടക്കുന്ന സംഗീതവിരുന്ന് വ്യത്യസ്തമായ അനുഭവമാകും. ശനിയാഴ്ച വൈകീട്ട് സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പി.വി. കൃഷ്ണൻ നായരുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം മേയർ ഐ.പി. പോൾ ഉദ്ഘാടനം ചെയ്യും. കലാകാരന്മാരെ തൃശ്ശൂർ കോർപ്പറേഷൻ ആദരിക്കും. ഫാ. തോമസ് ചക്കാലമറ്റം, മൈത്രി സമാഗത, സാൻ മിഷേൽ ലജോൺ എന്നിവർ ആശംസകൾ നേരും.

തുടർന്ന് 'ഏതോ ഒരിടത്ത്' എന്ന പേരിലുള്ള സംഗീത പരിപാടി നടക്കും. ഫ്രഞ്ച് ദേശീയ ഓർക്കസ്ട്രവാദകരായ മാക്ക് ഒളിവിയ ഡി. നാട്ടെ (വയലിൻ), സ്റ്റെഫാനി ഹെനോ (വയലിൻ), ക്രിസ്റ്റീൻ ജബുലായ് (വയോള), ജെറോം ലി ഫ്രാങ്ക് (ചെല്ലോ) എന്നിവരോടൊപ്പം ഫ്രാൻസിൽ സംഗീതജ്ഞനായ കേരളീയൻ രവി പ്രസാദ്, അനന്തപത്മനാഭൻ (വീണ), തൃശ്ശൂർ സി. രാജേന്ദ്രൻ (വയലിൻ) തൃശ്ശൂർ സി. നരേന്ദ്രൻ (മൃദംഗം) എന്നിവരും ഈ പരിപാടിയിൽ പങ്കുചേരും.

കർണാട്ടിക് സംഗീതാലാപനം, രവി പ്രസാദ് സംഗീതകല്പന നടത്തിയ നീലഗിരി, രവി പ്രസാദിന്റെതന്നെ സംഗീതശില്പമായ സിംഫണി മൈതിയ, വിശ്രുത സംഗീതജ്ഞരായ ഫിലിപ്പ് ഗ്ലാസ്, മഗ്നസ് ലിൻസ്ബർഗ്, ജോസഫ് ഹെയ്ഡൻ, ജൊഹാൻ സെബാസ്റ്റ്യൻ ബാക്ക് തുടങ്ങിയവരുടെ പ്രസിദ്ധ രചനകൾ എന്നിവയും സംഘം വേദിയിൽ അവതരിപ്പിക്കും.

ഈ സംഗീതനിശയിൽ വെസ്റ്റേൺ, ക്ലാസിക്കൽ, കണ്ടംപററി സംഗീതത്തിനു പുറമെ കർണാടിക് സംഗീതവും അവതരിപ്പിക്കുന്നുണ്ട്. ഫ്രാൻസിലെ പ്രശസ്ത സംഗീത കേന്ദ്രമായ കുമുലസ് പാരീസിന്റെ ആർട്ടിസ്റ്റിക് ഡയറക്ടർ സാൻ മിഷേൽ ലജോണിന്റെ നേതൃത്വത്തിലാണ് സംഗീത പരിപാടിയും ശില്പശാലയും നടക്കുന്നത്.

### ഞായറാഴ്ച സംഗീത ശില്പശാല

ഞായറാഴ്ച രാവിലെ 10.30 ന് ഫ്യൂഷൻ ശില്പശാല ആരംഭിക്കും. രവി പ്രസാദ്, മാർക്ക് ഒളിവിയർ ഡി. നാട്ടെ, സ്റ്റെഫാനി ഹെനോ, ക്രിസ്റ്റീൻ ജബുലായ്, ജെറോം ലി ഫ്രാങ്ക് എന്നിവർക്ക് പുറമെ എ. അനന്തപത്മനാഭൻ, തൃശ്ശൂർ സി. രാജേന്ദ്രൻ, തൃശ്ശൂർ സി. നരേന്ദ്രൻ, തൃശ്ശൂർ ബി. ജയറാം, ആനന്ദ് കൗശിക് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകും. വൈകീട്ട് നാലിന് വയലിൻവാദനരംഗത്തെ അത്ഭുത പ്രതിഭാസമായ എസ്. ഹരികുമാറിന്റെ നേതൃത്വത്തിൽ ഫ്യൂഷൻ സംഗീതം അരങ്ങേറും. തൃശ്ശൂർ ബി. ജയറാം, പ്രകാശ് ഉള്ള്യേരി, എണ്ണക്കാട് മഹേശ്വരൻ, ഷോമി തുടങ്ങിയവർ ഇതിൽ പങ്കെടുക്കും.


രവി പ്രസാദ്


തൃശ്ശൂർ സി. രാജേന്ദ്രൻ


അനന്തപത്മനാഭൻ

**Somewhere else. Indian Express. 1-06-2012**

# Fusion Concert to Bring Global Music Maestros Together

**Express News Service**

**Thrissur:** A fusion music programme, Etho Oridathu, featuring musicians from India, America and Europe, will be held at K T Mohammed Memorial Regional Theatre, here on Saturday and Sunday.

The programme is a joint venture of the Kerala Sangeetha Nataka Akademi, Foundation Coupleux-Lassalle, Cumulus (Paris) and Thrissur Art Culture Heritage Foundation.

The event will showcase the prowess of musical maestros such as A Ananthapadmanabhan (veena), Thrissur C Rajendran (violin), Thrissur C Narendran (mridangam), Marc-Olivier de Nattes, Stephane Henoch (violin), Christine Jaboulay (viola), Jerome Lefranc (cello), Z Quartet (jazz), Thrissur B Jayaram, Ananth Kaushik, Shomi, Ennakkad Maheshwar and Prakash Ulliyeri.

Ravi Prasad, an Indian-born France-based musician, has conceived and directed the programme.

The programme will begin with Prasad rendering the Mysore Vasudevachar composition, 'Ninne Nammiti' (Simhendra Madhyamam).

**Somewhere else. Matrubhumi. 3-06-2012**





ശനിയാഴ്ച കെ.ടി. മുഹമ്മദ് സ്മാരക ഹാളിൽ ഇന്ത്യ, യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ സംഗീതജ്ഞർ ചേർന്നവതരിപ്പിച്ച ഏതോ ഒരിടത്ത് എന്ന സംഗീത പരിപാടി മേയർ ഐ.പി. പോൾ ഉദ്ഘാടനം ചെയ്യുന്നു

**Somewhere else. Matrubhumi. 3-6-2012**



കെ.ടി. മുഹമ്മദ് സ്മാരക ഹാളിൽ ഇന്ത്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും സംഗീതജ്ഞർ ചേർന്നവതരിപ്പിച്ച 'ഏതോ ഒരിടത്ത്' എന്ന സംഗീത പരിപാടിയിൽനിന്ന്

# കാനഡയും സിംഫണിയും ഒരേ വേദിയിൽ; നായകനായി രവിപ്രസാദ്

**തൃശ്ശൂർ:** വീണയും വയലിനും മൃദംഗവും മഹാഗണപതിം... പാടി, വേദിയെ ഉണർത്തിയപ്പോൾ തൊട്ടരികിൽ ചെല്ലോയും വയോളയും വയലിനും നിശ്ശബ്ദമായിരുന്നു. പടിഞ്ഞാറിന്റെ ശുദ്ധസംഗീതത്തിന്റേതായിരുന്നു അടുത്ത ഊഴം. പിന്നീടെപ്പോഴോ ചെല്ലോയും വയലിനും വീണയും മൃദംഗവും കാനഡയും നീലാംബരിയും ഉതിർത്തു തുടങ്ങിയപ്പോൾ അലിഞ്ഞില്ലാതെയായത് സംഗീതത്തിന്റെ മാത്രമല്ല, ഭാഷയുടെയും സംസ്കാരത്തിന്റെയും അതിർത്തികളായിരുന്നു. പാശ്ചാത്യ - കർണ്ണാടക സംഗീതജ്ഞനായ രവിപ്രസാദും യൂറോപ്യൻ - അമേരിക്കൻ - കർണ്ണാടക സംഗീതരംഗത്തെ പ്രതിഭകളും ചേർന്ന് സാംസ്കാരിക നഗരിയിൽ ശനിയാഴ്ച തീർത്ത സംഗീതവിരുന്ന് സംഗീതപ്രേമികൾക്ക് മറക്കാനാവാത്ത അനുഭവമായി.

വീണയിൽ എ. അനന്തപദ്മനാഭൻ, വയലിനിൽ തൃശ്ശൂർ സി. രാജേന്ദ്രൻ, മൃദംഗത്തിൽ തൃശ്ശൂർ സി. നരേന്ദ്രൻ, വായ്പാട്ടിൽ രവിപ്രസാദ് എന്നിവർ ചേർന്ന് മഹാഗണപതിം... പാടിയാണ് കച്ചേരിക്ക് തുടക്കമിട്ടത്. മൈസൂർ വാസുദേവാചാര്യയുടെ നിന്നെ നമ്മിതി... എന്ന സിംഹേന്ദ്രമധ്യമത്തിലെ കീർത്തനം പിന്നാലെ ഒഴുകിയെത്തി. രവിപ്രസാദ് ചിട്ടപ്പെടുത്തിയ 'നീൽഗിരി' എന്ന ഫ്യൂഷൻ ആൽബത്തിലെയും 'മിഥ്യ' സിംഫണിയിലെയും ഭാഗങ്ങളും ഫിലിപ്പ് ഗ്ലാസ്, മാഗ്നസ് ലിൻസ്ബെർഗ്, ജോസഫ് ഹെയ്ഡൻ, ജൊഹാൻ സെബാസ്റ്റ്യൻ ബാക്ക് തുടങ്ങിയവരുടെ രചനകളും അവതരിപ്പിച്ചു. ഫ്രഞ്ച് ദേശീയ ഓർക്കെസ്ട്ര വാദകരായ മാക്ക് ഒളിവിയ ഡിനാട്ടെ (വയലിൻ), സ്റ്റെഫാനി ഹെനോ (വയലിൻ), ക്രിസ്റ്റിൻ ജബുലായ് (വയോള), ജെറോം ലി ഫ്രാങ്ക് (ചെല്ലോ) എന്നിവരാണ് പാശ്ചാത്യസംഗീത സംഘത്തിലുണ്ടായിരുന്നത്.

കേരള സംഗീത നാടക അക്കാദമിയും ഫൗണ്ടേഷൻ കൂപ്പ്ലെ ലസാലെയും കുമുലസ് പാരിസും തൃശ്ശൂർ ആർട്ട് കൾച്ചർ ഹെറിറ്റേജ് ഫൗണ്ടേഷനും ചേർന്നാണ് 'ഏതോ ഒരിടത്ത്' (സംവേർ എൽസ്) സമന്വയസംഗീത സായാഹ്നം നടത്തിയത്. മേയർ ഐ.പി. പോൾ സംഗീതനിശ ഉദ്ഘാടനം ചെയ്തു. സംഗീത നാടക അക്കാദമി സെക്രട്ടറി ഡോ. പി.വി. കൃഷ്ണൻ നായർ അദ്ധ്യക്ഷനായി. ഫാ. തോമസ് ചക്കാലമറ്റത്ത് ആശംസയർപ്പിച്ചു. ഫൗണ്ടേഷൻ കുപ്ലെ ലസാലെ കുമുലസ് പാരിസ് ഡയറക്ടർ സാൻ മിഷേൽ ലുജോൺ വിശിഷ്ടാതിഥികൾക്ക് ഉപഹാരം നൽകി. അഡ്വ. പി.എസ്. ഈശ്വരൻ സ്വാഗതവും സോജൻ പി. ജോൺ നന്ദിയും പറഞ്ഞു.

**Somewhere else. Madhyamam. 3-06-2012**



തൃശൂരിൽ നടന്ന 'ഏതോ ഒരിടത്ത്' സംഗീത പരിപാടി

# 'ഏതോ ഒരിടത്ത്' ഹൃദ്യമായി

തൃശൂർ: സംഗീത ലയത്തിന് ദേശ-ഭാഷാ അതിരില്ലെന്ന് വ്യക്തമാക്കി 'ഏതോ ഒരിടത്ത്' സംഗീത പരിപാടി ഹൃദ്യമായ വിരുന്നായി.

ഫ്രഞ്ച് സംഗീതജ്ഞരും മലയാളി സംഗീതജ്ഞരും ചേർന്ന് കർണാട്ടിക് സംഗീതവും പാശ്ചാത്യ സംഗീതവും കോർത്തിണക്കി സ്വരലയമാല തീർത്തത് റീജനൽ തിയറ്ററിൽ എത്തിയ ആസ്വാദകർക്ക് വ്യത്യസ്ഥമായ അനുഭവമായി.

ഫ്രാൻസ് സംഗീതജ്ഞരായ മാർക്ക് ഒലിവർ സി നാറ്റെ, സ്റ്റെഫാനി ഹനോക്ക് (വയലിൻ), ക്രിസ്റ്റിന ജബുലായ് (വയോള), ജെറോം ലി ഫ്രാങ്ക് (ചെല്ലോ) എന്നിവർക്കൊപ്പം പ്രശസ്ത കർണാടക സംഗീതജ്ഞൻ രവി പ്രസാദ്, എ. അനന്തകൃഷ്ണൻ (വീണ), തൃശൂർ സി. രാജേന്ദ്രൻ (വയലിൻ), തൃശൂർ സി. നരേന്ദ്രൻ (മൃദംഗം) എന്നിവർ ചേർന്നാണ് സംഗീത വിരുന്നൊരുക്കിയത്.

സംഗീത നാടക അക്കാദമി, തൃശൂർ ടാക് ഫൗണ്ടേഷൻ ഫ്രാൻസിലെ ഫൗണ്ടേഷൻ കുപ്പ്ളെ ലസാലെ, കുമുലസ് പാരിസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി. മേയർ ഐ.പി. പോൾ ഉദ്ഘാടനം ചെയ്തു. അക്കാദമി സെക്രട്ടറി ഡോ. പി.വി. കൃഷ്ണൻനായർ അധ്യക്ഷത വഹിച്ചു.

ഫാ. തോമസ് ചക്കാലമറ്റത്ത് സംസാരിച്ചു. സംഗീതജ്ഞർക്ക് മേയർ ഉപഹാരം നൽകി. അഡ്വ. പി.എസ്. ഈശ്വരൻ സ്വാഗതവും അഡ്വ. പി. സതീശ്കുമാർ നന്ദിയും പറഞ്ഞു. ഞായറാഴ്ച രാവിലെ ഫ്യൂഷൻ സംഗീത ശിൽപശാലയും വൈകീട്ട് ഫ്യൂഷൻ സംഗീത വിരുന്നും അരങ്ങേറും.

**Somewhere else. Manorama. 3-6-2012**



# പ്രാദേശികം

## ദേശാതിരുകൾ അലിയിച്ച് ഫ്യൂഷൻ സംഗീതം

തൃശൂർ ● അതിരുകൾ അലിഞ്ഞില്ലാതാകുന്ന സംഗീതത്തിലൂടെ സുഖം ആസ്വാദകർക്കും കൗതുകം സമ്മാനിച്ചു.

കേരളത്തിലേയും ഫ്രാൻസിലേയും കലാകാരന്മാർ ഒരുമിച്ച വേദിയിൽ അവതരിപ്പിച്ച ഫ്യൂഷൻ സംഗീതം പുതുമയേക്കാളുപരി മികച്ച സംഗീതവാദകരുടെ വിരുന്നായിരുന്നു. കർണാടക സംഗീതജ്ഞനായ രവിപ്രസാദാണ് ഇരു സംഗീത ശാഖകളേയും ഒരുമിപ്പിക്കുന്ന പാലമൊരുക്കിയത്. വീണവിദ്വാൻ അനന്തപത്മനാഭൻ, വയലിനിൽ തൃശൂർ രാജേന്ദ്രൻ, മൃദംഗത്തിൽ തൃശൂർ സി. നരേന്ദ്രൻ എന്നിവരായിരുന്നു കർണാടക സംഗീതത്തിൽ രവി പ്രസാദിന് അകമ്പടിയായത്. രണ്ടു കീർത്തനങ്ങൾക്കു ശേഷം അദ്ദേഹം ഫ്രഞ്ച് സംഗീതജ്ഞരുടെ ബഞ്ചിലേക്കു മാറിയിരുന്നപ്പോൾ കർണാടക വായ്പ്പാട്ടിനും വായ്ത്താരിക്കുമൊപ്പം ഫ്രഞ്ച് സംഗീതം ഇന്ത്യയിലേക്കു കടന്നുവരികയായിരുന്നു. മാർക് ഒലിവർ ദെനാതേസ്, സ്റ്റീഫൻ ഹെനോക്, ക്രിസ്റ്റീൻ ജബോലി, ജറോം ലഫ്രാൻക് എന്നീ ഫ്രഞ്ച് വയലിൻ വാദകരായിരുന്നു ഫ്രഞ്ച് സംഗീതത്തിന്റെ ചടുലതയും തണുപ്പും കേൾപ്പിച്ചത്.



പാശ്ചാത്യ പൗരസ്ത്യ കലാകാരൻമാർ തൃശൂരിൽ അവതരിപ്പിച്ച 'ഏതോ ഒരിടത്ത്' എന്ന സംഗീത ഫ്യൂഷനിൽ നിന്ന്.

ഇന്നു രാവിലെ 10.30നു ഫ്യൂഷൻ സംഗീതത്തേക്കുറിച്ച് ഈ സംഗീത സംഘം പങ്കെടുക്കുന്ന ചർച്ച. തുടർന്നു ഫ്യൂഷൻ സംഗീതത്തിന്റെ ഭാവിയും കർണാടക സംഗീതത്തിലെ സ്ഥാനവും ചർച്ച ചെയ്യും. നാലിനു എസ്. ഹരികുമാർ, തൃശൂർ ബി. ജയറാം, ഷോമി, എണ്ണക്കാട് മഹേശ്വരൻ, പ്രകാശ് ഉള്ളിയേരി എന്നിവർ അവതരിപ്പിക്കുന്ന ഫ്യൂഷൻ.

സംഗീത നാടക അക്കാദമി, ഫൗണ്ടേഷൻ കപ്ലക്സ് ലാസല്ലെ, കുമുലൂസ്, തൃശൂർ ആർട്ട് കൾച്ചറൽ ഹെറിറ്റേജ് ഫൗണ്ടേഷൻ എന്നിവ ചേർന്നാണു വിരുന്നൊരുക്കിയത്.

## ഊരഞ്ചേരി ജലവിതരണ പദ്ധതി പൂർത്തിയായി

മാടക്കത്തറ ● പഞ്ചായത്തിൽ
ലക്ഷാമം നേരിടുന്ന പ്രദേശങ്ങ
ക്ക് ആശ്വാസമായി ഊരഞ്ചേ
ശുദ്ധജലവിതരണ പദ്ധതി പ
ത്തിയായി. പഞ്ചായത്തിലെ എ
12, 13, 14 വാർഡുകളിലെ 300
ടുംബങ്ങൾക്ക് ഇതിന്റെ ഗുണം
ഭിക്കും. രാഗിണി മുകുന്ദൻ ചെ
പേഴ്സണും വി.ജി. ഉണ്ണിക
ഷ്ണൻ കൺവീനറുമായുള്ള
മ്മിറ്റിയാണു പദ്ധതിക്കു നേ
ത്വം നൽകിയത്. ബ്ലോക്ക് പഞ്ചാ
യത്ത് പ്രസിഡന്റ് ടി.പി. ജോർ
ഡിവിഷൻ അംഗം പി. ശ്രീനി
സൻ, പഞ്ചായത്ത് അംഗങ്ങ
എന്നിവരും പദ്ധതിയുടെ വിജ
ത്തിനു നേതൃത്വം നൽകി.

## വിവാഹിതരായ

കൊച്ചി ● കേരള സാഹി
അക്കാദമി സെക്രട്ടറി ആർ.
പാലകൃഷ്ണന്റെ മകൾ ഗ
യും പാലക്കാട് നാട്ടുകൽ അ
യയിൽ അമ്പാട്ട് രാധാകൃഷ്
ന്റെ മകൻ അശ്വിനും വിവാഹ
രായി. മന്ത്രിമാരായ കെ. ബാ

**Somewhere else. The hindu. 3-6-2012**

# Fusion music



**STRIKING A CHORD:** *French and Indian musicians perform a music programme at the K.T. Mohammed Memorial Regional Theatre in Thrissur on Saturday. Ravi Prasad, an India-born France-based musician, has conceived and directed the programme.* – PHOTO: K.C. SOWMISH

**Somewhere else. The Hindu. 4-6-2012**

# Musically melding the East and the West



**CREATING SYNERGY:** *Composer Ravi Prasad leading a string quartet at a workshop on fusion music in Thrissur on Sunday.* – PHOTO: K.C. SOWMISH

Special Correspondent

**THRISSUR:** A workshop on fusion music featuring French and Indian musicians was held here on Sunday by the Kerala Sangeetha Nataka Akademi, Foundation Coupleux-Lassalle, Cumulus (Paris), and the Thrissur Art Culture Heritage Foundation.

Ravi Prasad, an Indian-born France-based musician, demonstrated how linear Indian melodies could have harmonised Western-style backing.

He was accompanied by Marc-Olivier de Nattes, Stephane Henoch (violin), Christine Jaboulay (viola) and Jerome Lefranc (cello).

**"While Indian music is linear, the Western style is based on principles of harmony," says a veena maestro.**

The string quartet played Mr. Prasad's compositions, including one inspired by the sounds of Mumbai city.

A disciple of Carnatic maestro K.V. Narayanaswamy, Mr. Prasad has worked with internationally-renowned musicians such as Pedro Soler, Talvin Singh, Carlo Rizzo, Adel Shams El Din, Paul Mindy and Kiko Ruiz.

Veena maestro A. Ananthapadmanabhan, violinist Thrissur C. Rajendran and mridangam player Thrissur C. Narendran spoke on methods to orchestrate Indian music.

"While Indian music is linear, the Western style is based on principles of harmony. The approach is totally different," said Mr. Ananthapadmanabhan.

## Raga demonstration

Veena player Anand Kaushik demonstrated ragas Sreeranjini and Bageshri, explaining the difference between Hindustani and western manner of interpreting notes. He also played a composition by Ananthapadmanabhan in the Western style.